**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസിലെ അഴിമതി തടയാൻ മിഡ് നൈറ്റ് ഓപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ആവിഷ്കരിച്ച മിഡ് നൈറ്റ് ഓപ്പറേഷനു സമാനമായ പരിശോധനകൾ പകൽ സമയത്തും നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലും നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളും, ശേഖരിക്കുന്ന രഹസ്യ വിവരങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ സമാനമായ പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഓപ്പറേഷൻ മിഡ്നൈറ്റ്-ന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഇതുവരെ പതിമൂന്ന് (13) മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നാളിതുവരെ നടത്തിയ 'മിഡ് നൈറ്റ് ഓപ്പറേഷൻ' പരിശോധനകളിൽ എത്ര പോലീസ് സേനാംഗങ്ങളെ കുറ്റക്കാരായി കണ്ടെത്തിയെന്നും എത്ര പേർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളും, ശേഖരിക്കുന്ന രഹസ്യ വിവരങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ സമാനമായ പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഓപ്പറേഷൻ മിഡ്നൈറ്റ്-ന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഇതുവരെ പതിമൂന്ന് (13) മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ക്രമ സമാധാനം ഉറപ്പാക്കാനും അഴിമതികൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കേണ്ടവരുമായ ഇവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഒപ്പം അഴിമതി തടയുവാനും എല്ലാ ജില്ലകളിലും കർശനമായ പരിശോധനകൾ ഉറപ്പു വരുത്താനായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ? | (സി) | ശക്തമായ ക്രമസമാധാന പരിപാലനം ഉറപ്പുവരുത്തുന്നതിനൊപ്പം രാജ്യത്ത് അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക എന്ന നിലപാടാണ് എല്ലാ കാര്യത്തിലും സർക്കാരിനുള്ളത്.<br><br>അഴിമതി സംബന്ധിച്ചുള്ള പരാതികളിൽ മിന്നൽ പരിശോധനകളും രഹസ്യാന്വേഷണം, സത്വര |

| | | | |
|---|---|---|---|
| | | | അന്വേഷണം, പ്രാഥമിക/വിജിലൻസ് അന്വേഷണം, കൈക്കൂലി വാങ്ങി എന്നുള്ള പരാതികളിൽ ട്രാപ്പുകൾ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഒപ്പം തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസുകളും വിജിലൻസ് ട്രിബ്യൂണൽ അന്വേഷണവും നടത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ